II ഇ.ബി. XII- കേരള നിയമസഭ/XIV-6

**പന്ത്രണ്ടാം കേരള നിയമസഭ**

പതിനാലാം സമ്മേളനം

**ചോദ്യോത്തരങ്ങൾ – സംഗ്രഹം**

2010 മാർച്ച് 9, ചൊവ്വ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. കെ. രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

വാങ്മൂലം നൽകിയ ഉത്തരങ്ങൾ

17 (*151) കേന്ദ്രവിഹിതമായ ഭക്ഷ്യധാന്യങ്ങൾ

ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. സി. ദിവാകരൻ) നൽകിയ മറുപടിയിൽ, കേന്ദ്ര വിഹിതമായി അനുവദിക്കുന്ന ഭക്ഷ്യധാന്യങ്ങൾ ഏറ്റെടുത്ത് വിതരണം ചെയ്യുന്നതിന് കേരളം കാര്യക്ഷമമായ നടപടികളാണ് സ്വീകരിച്ചുവരുന്നതെന്നും 2009–10 വർഷത്തിൽ ഡിസംബർ മാസംവരെ അനുവദിച്ച ഭക്ഷ്യധാന്യങ്ങളിൽ 31 മെട്രിക് ടൺ എ.പി.എൽ. ഗോതമ്പ് ഒഴികെ മുഴുവൻ സാധനങ്ങളും വിട്ടെടുക്കുകയുണ്ടായെന്നും കൂടിയ വിലയ്ക്ക് അനുവദിച്ച അരിയും ഗോതമ്പും ഏറ്റെടുത്തു വിതരണം ചെയ്യുന്നതിന് മൊത്ത വ്യാപാരികളോടും ചില്ലറ വ്യാപാരികളോടും നിർദ്ദേശിച്ചിട്ടുണ്ടെന്നും കൂടാതെ വെട്ടിക്കുറച്ച റേഷനരി അതേ വിലയിലും തോതിലും പുന:സ്ഥാപിക്കണമെന്നും അരിയുടേയും ഗോതമ്പിന്റെയും അകാരണമായി വർദ്ധിപ്പിച്ച വില ഉപേക്ഷിക്കണമെന്ന് കേന്ദ്രത്തോട് ആവശ്യപ്പെട്ടിട്ടുണ്ടെന്നും കേന്ദ്രം സംസ്ഥാനത്തിന് അനുവദിക്കുന്ന അരിയും

ഗോതമ്പും യഥാസമയം ഏറ്റെടുത്ത് വിതരണം ചെയ്യുന്നതിൽ സംസ്ഥാനം വിമുഖത കാട്ടിയിട്ടില്ലെന്നും സഭയെ അറിയിച്ചു. 2007 മേയ് മുതൽ കേന്ദ്രം പി.ഡി.എസ്. നിരക്കിൽ അനുവദിച്ചു നൽകിയ ഭക്ഷ്യധാന്യം പൂർണ്ണമായും വിട്ടെടുത്ത് വിതരണം ചെയ്തിട്ടുണ്ട്. 2008-2009 വർഷത്തിൽ എ.പി.എൽ. വിഭാഗത്തിൽ 298,527 മെ.ട്രിക് ടൺ അരിയും 161,324 മെട്രിക് ടൺ ഗോതമ്പും അനുവദിക്കുകയുണ്ടായി. 2009-10 വർഷത്തിൽ സെപ്റ്റംബർ മാസം വരെ കേന്ദ്രം 6,11,002 മെട്രിക് ടൺ ഭക്ഷ്യധാന്യങ്ങൾ അനുവദിച്ചതിൽ ഏതാണ്ട് 100 ശതമാനത്തോളം ഏറ്റെടുത്തിട്ടുണ്ട്. കൂടിയ നിരക്കിൽ സ്പെഷ്യൽ ക്വാട്ടയായി ഓണക്കാലത്ത് അനുവദിച്ച അരിയുടെ 91.19 ശതമാനവും ഗോതമ്പിന്റെ 50.53 ശതമാനവും വിട്ടെടുക്കുകയുണ്ടായി. റേഷൻ നിരക്കിൽ വിതരണം ചെയ്തുവന്ന ഭക്ഷ്യധാന്യങ്ങൾക്ക് പെട്ടെന്ന് വിലവർദ്ധനവ് അനുഭവപ്പെട്ടതും ഗുണനിലവാരം മെച്ചമല്ലാത്തതും കാരണം ഉപഭോക്താക്കൾ വിമുഖത കാട്ടിയതുകൊണ്ട് പൂർണ്ണമായും വിട്ടെടുക്കാൻ കഴിഞ്ഞില്ല. പൊതു വിപണി വിൽപ്പന പദ്ധതി പ്രകാരം 2009 ഒക്ടോബർ-ഡിസംബർ കാലയളവിൽ വാറ്റ് കൂടാതെ കിലോയ്ക്ക് 12.96 രൂപ നിരക്കിൽ 40,660 മെട്രിക് ടൺ ഗോതമ്പും 15.92 രൂപ/15.48 രൂപ നിരക്കിൽ പുഴുക്കലരിയും 16.15 രൂപ നിരക്കിൽ പച്ചരിയും ഉൾപ്പെടെ ആകെ 25,675 മെട്രിക് ടൺ അരിയും അനുവദിച്ചതിൽ 23,541 മെട്രിക് ടൺ ഗോതമ്പും 70 മെട്രിക് ടൺ അരിയും സപ്ലൈകോ മുഖാന്തിരം ഏറ്റെടുത്ത് വിതരണം ചെയ്തിട്ടുണ്ട്. ഒ.എം.എസ്. സ്കീമിൽ കേന്ദ്രം അനുവദിച്ചുതരുന്ന ഗോതമ്പ് ആട്ടയാക്കി കേരളത്തിൽത്തന്നെ വിൽക്കണമെന്നും 1 രൂപ 50 പൈസയിൽ കൂടുതൽ

ലാഭമെടുക്കാൻ പാടില്ലെന്നുമുള്ള വ്യവസ്ഥയുടെ അടിസ്ഥാന ത്തിലാൽ പത്രത്തിൽ പരസ്യം ചെയ്താണ് 13 രൂപ 59 പൈസ നിരക്കിൽ മില്ലുകൾക്ക് ഗോതമ്പ് വിതരണം ചെയ്തിട്ടുള്ളത്. ആഴ്ചതോറും അതിന്റെ റിട്ടേൺസ് സമർപ്പിക്കുന്നതു കൂടാതെ അത് മോണിറ്റർ ചെയ്യുന്നതിന് ഉദ്യോഗസ്ഥതലത്തിലുള്ള സംവിധാനവുമുണ്ട്. സംസ്ഥാന സർക്കാരുക ളുമായി വിശദമായി ചർച്ച ചെയ്തതിനുശേഷം മാത്രമേ ഭക്ഷ്യ സുരക്ഷാ നിയമവുമായി ബന്ധപ്പെട്ട നിയമനിർമ്മാണ നടപടികളുമായി മുന്നോട്ട് പോകാവൂ എന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. കേന്ദ്ര ഗവൺമെന്റും സംസ്ഥാന ഗവൺമെന്റും സംയുക്തമായി നടപ്പാക്കുന്ന 35 ലക്ഷം കുടുംബങ്ങൾക്ക് 3 രൂപ നിരക്കിൽ അരി വിതരണം ചെയ്യുന്ന പുതിയ പദ്ധതി ഫുഡ് സെക്യൂരിറ്റി ആക്ട് പാസ്സാകുന്ന മുറയ്ക്കേ ഇംപ്ലിമെന്റ് ചെയ്യാൻ കഴിയുകയുള്ളൂ. അന്നപൂർണ്ണ പദ്ധതി പ്രകാരമുള്ള മുഴുവൻ അരിയും വിതരണം ചെയ്യുന്നുണ്ട്. എ.പി.എൽ/ബി.പി.എൽ. വ്യത്യാസ മില്ലാതെ എല്ലാവർക്കും കുറഞ്ഞ വിലയ്ക്ക് നിത്യോപയോഗ സാധനങ്ങൾ വിതരണം ചെയ്യണമെന്ന ആവശ്യത്തിന്മേൽ നയപരമായ തീരുമാനമെടു ക്കേണ്ടതുണ്ട്. പൊതുവിതരണ സമ്പ്രദായത്തിലെ പ്രശ്നങ്ങൾ പരിഹരിക്കുന്ന തിനായി കളക്ടർ ചെയർമാനായി അദാലത്തുകൾ സംഘടിപ്പിക്കുന്ന തോടൊപ്പം വിജിലൻസ് സ്ക്വാഡുകളും ജില്ലാ-താലൂക്ക് തലങ്ങളിൽ വിജിലൻസ് കമ്മിറ്റികളും രൂപീകരിച്ച് കടകളിൽ റെയ്ഡ് നടത്തുന്നത് ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്. ശബരി സ്റ്റോറുകൾ വഴി കുറഞ്ഞ വിലയ്ക്ക് വിതരണം ചെയ്തു കൊണ്ടിരിക്കുന്ന പലവ്യഞ്ജനങ്ങൾ റേഷൻ കടകൾ വഴി വിതരണം ചെയ്യുന്ന കാര്യവും കൂടുതൽ ശബരി

സ്റ്റോറുകൾ അനുവദിക്കുന്ന കാര്യവും സർക്കാർ പരിശോധിച്ചു കൊണ്ടിരിക്കുകയാണ്. ലാഭ മാർക്കറ്റുകളിലും മാവേലി സ്റ്റോറുകളിലും എല്ലാ ആഴ്ചയും സ്റ്റോക്ക് വെരിഫിക്കേഷനും റിവ്യൂവും നടത്തുകയും ഭക്ഷ്യധാന്യങ്ങൾക്ക് ഷോർട്ടേജ് ഉണ്ടാകുന്നുണ്ടെങ്കിൽ ഉടൻതന്നെ അവ സപ്ലൈ ചെയ്യുകയും ചെയ്യുന്നുണ്ട്. ലാഭ മാർക്കറ്റുകൾക്കും മാവേലി സ്റ്റോറുകൾക്കും ഫിക്സ് ചെയ്തിട്ടുള്ളതിനേക്കാൾ കൂടുതൽ റിട്ടേൺസ് ഉണ്ടാകുകയാണെങ്കിൽ അവയെ സൂപ്പർ മാർക്കറ്റുകളായി കൺവേർട്ട് ചെയ്യാനുള്ള നടപടി സ്വീകരിക്കുന്നുണ്ടെന്നും മൊബൈൽ മാവേലി സ്റ്റോറുകൾക്കായി ഇപ്പോൾ 10 വാഹനങ്ങളുണ്ടെന്നും കൂടുതൽ വാഹനങ്ങൾ ലഭ്യമാകുന്ന മുറയ്ക്ക് മൊബൈൽ മാവേലി സ്റ്റോറുകളുടെ പ്രവർത്തനം കൂടുതൽ ഫലപ്രദമായി നടത്താൻ സാധിക്കുമെന്നും മന്ത്രി അറിയിച്ചു. വ്യാജ റേഷൻ കാർഡുകൾ കണ്ടുപിടിക്കുന്നതിനാണ് ലാമിനേറ്റ് ചെയ്ത കാർഡുകൾ വിതരണം ചെയ്യാനുള്ള സംവിധാനം ഏർപ്പെടുത്തിയതെന്നും പുതുക്കിയ റേഷൻ കാർഡുകൾ പൂർണ്ണമായും കൊടുത്തുതീർത്തുവെന്നും പുതിയ റേഷൻ കാർഡിനുള്ള അപേക്ഷകളുടെ സ്ക്രൂട്ടിണി നടന്നുവരികയാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

18(*152) <u>സർവ്വീസ് സംഘടനകളുടെ അംഗീകാരത്തിനായുള്ള ഹിത പരിശോധന</u>

മുഖ്യമന്ത്രി (ശ്രീ. വി.എസ്. അച്ചുതാനന്ദൻ) നൽകിയ മറുപടിയിൽ, പൊതുവിദ്യാഭ്യാസ വകുപ്പിലെ അദ്ധ്യാപക സംഘടനകളുടെ അംഗീകാരം പുനർ നിർണ്ണയിക്കാൻ ഹിത പരിശോധന നടത്തുന്ന വിഷയം സർക്കാർ

പരിശോധിച്ചു വരുന്നുവെന്ന് സഭയെ അറിയിച്ചു. സ്കൂൾ വിദ്യാഭ്യാസ സംഘടനയ്ക്കകത്തെ മുഴുവൻ അദ്ധ്യാപകരെയും ഉൾക്കൊള്ളിച്ച് ഹിത പരിശോധന നടത്താൻ കഴിയുംവിധം കേരള വിദ്യാഭ്യാസ ചട്ടങ്ങളിൽ ഭേദഗതി വരുത്തുന്നതിനുള്ള കരട് പ്രൊപ്പോസൽ നടപ്പിലാക്കാൻ പൊതു വിദ്യാഭ്യാസ ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. സംഘടനകൾ അവരുടെ രാഷ്ട്രീയാഭിപ്രായം പ്രകടിപ്പിക്കാൻ പാടില്ലെന്നുള്ള നിലപാട് ഗവൺമെന്റ് സ്വീകരിച്ചിട്ടില്ല. ട്രേഡ് യൂണിയൻ സംഘടനകളുടെ രജിസ്ട്രേഷൻ സമ്പ്രദായത്തിൽനിന്ന് വ്യത്യസ്തമായ ഒരു സംവിധാനമാണ് അദ്ധ്യാപക സംഘടനകളുടെ രജിസ്ട്രേഷന്റെ കാര്യത്തിലുള്ളത്. സർവ്വീസ് സംഘടനകൾക്ക് അംഗീകാരം നൽകുന്നതിന് ഹിത പരിശോധന നടത്തുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടില്ലെന്നും ചോദ്യപേപ്പർ തയ്യാറാക്കുന്നതിലുള്ള ക്രമക്കേടുകൾ പരിഹരിക്കുന്നതിന് വിദ്യാഭ്യാസ വകുപ്പ് ആവശ്യമായ കരുതൽ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മുഖ്യമന്ത്രി വ്യക്തമാക്കി.

19 (*153) <u>വികേന്ദ്രീകൃത നെല്ല് സംഭരണ സംസ്ക്കരണ വിപണന പദ്ധതി</u>

ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ, സിവിൽ സപ്ലൈസ് കോർപ്പറേഷൻ 2005 മുതൽ നടപ്പിലാക്കി വരുന്ന വികേന്ദ്രീകൃത നെല്ല് സംഭരണ സംസ്ക്കരണ വിപണന പദ്ധതി കാര്യക്ഷമമാക്കുന്നതിന് വിപുലമായ നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് സഭയെ അറിയിച്ചു. സംഭരിച്ച നെല്ല് സംസ്ക്കരിച്ച് അരിയാക്കി പൊതുവിതരണത്തിന് നൽകുകവഴി ആലപ്പുഴ, കോട്ടയം, പത്തനംതിട്ട, ഇടുക്കി, എറണാകുളം, തൃശ്ശൂർ, പാലക്കാട് ജില്ലകളിലുള്ള റേഷൻ കാർഡുടമ

കൾക്ക് ഗുണമേൻമയും പോഷക ഗുണവുമുള്ള നാടൻ കുത്തരി ലഭിക്കുന്നു. ഈ പദ്ധതി പ്രകാരം നെല്ല് നൽകുന്നതിന് കർഷകർ സിവിൽ സപ്ലൈസ് കോർപ്പറേഷനിൽ രജിസ്റ്റർ ചെയ്യുന്നതിനുള്ള അപേക്ഷാ ഫോറം കൃഷി ഓഫീസുകളിൽ നിന്നും നൽകുകയും പൂരിപ്പിച്ച അപേക്ഷകൾ കൃഷി ഓഫീസുകളിൽ തന്നെ സ്വീകരിക്കുകയും ചെയ്യാനുള്ള ക്രമീകരണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. സപ്ലൈകോയിൽ രജിസ്റ്റർ ചെയ്ത കർഷകരുടെ നെല്ല് കൊയ്ത്ത് കഴിഞ്ഞ് 7 ദിവസത്തിനകം കേന്ദ്ര ഗവൺമെന്റ് നിഷ്ക്കർച്ചിട്ടുള്ള ഗുണമേൻമയുള്ളതാണെന്ന് ഉറപ്പുവരുത്തി സംഭരിക്കുവാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ആലപ്പുഴ, കോട്ടയം, പത്തനംതിട്ട, തൃശ്ശൂർ പാലക്കാട്, മലപ്പുറം ജില്ലയിലെ പൊന്നാനി താലൂക്ക് എന്നിവിടങ്ങളിൽനിന്നും നെല്ല് സംഭരിക്കുന്നതിനുവേണ്ട എല്ലാ ക്രമീകരണങ്ങളും സപ്ലൈകോ ഏർപ്പാടാക്കിയിട്ടുണ്ട്. കൃഷി വകുപ്പിൽ നിന്നും ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ജോലി ചെയ്യുന്ന 13 പാഡി മാർക്കറ്റിംഗ് ഓഫീസർമാർ സംഭരണത്തിന്റെ മേൽനോട്ടം വഹിക്കുന്നു. സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ നെല്ല് സംഭരണം, സംസ്ക്കരണം, വിപണനം, കർഷകർക്ക് വില നൽകുന്നത് തുടങ്ങി എല്ലാ ഘട്ടങ്ങളും വെബ്സൈറ്റിൽ കൂടിയുള്ള സോഫ്റ്റ്വെയർ മുഖേന നടത്തി വരുന്നു. കർഷകർക്ക് കാലതാമസം കൂടാതെ നെല്ലിന്റെ വില നൽകുന്നതിന് 250 കോടി രൂപയുടെ ബാങ്ക് ലോൺ സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. നെല്ലിന്റെ വില പൂർണ്ണമായും കർഷകരുടെ ബാങ്ക് അക്കൗണ്ടുകളിലേയ്ക്ക് നൽകുന്നതിനാൽ ഇടനിലക്കാരെ ഒഴിവാക്കി കാലതാമസം കൂടാതെ കർഷകർക്ക് വില ലഭിക്കുന്നു. സംഭരണത്തിന്റെ അളവും തദ്വാരാ കേരളത്തിലെ നെല്ല് ഉൽപ്പാദനവും വർദ്ധിച്ചുവരുന്നു. നിലവിൽ ഏകദേശം 63000

കർഷകർ ഈ പദ്ധതിയുടെ ഗുണഭോക്താക്കളാണ്. കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ കീഴിൽ അരി മില്ലുകൾ ഒന്നുംതന്നെ പ്രവർത്തിക്കുന്നില്ല. സപ്ലൈകോയുടെ കീഴിൽ മിൽ തുടങ്ങുവാനുള്ള നടപടികളൊന്നും നിലവിലില്ല. സപ്ലൈകോയുമായി കരാറിലേർപ്പെട്ടിട്ടുള്ള സ്വകാര്യ മില്ലുകൾ സംഭരിച്ച നെല്ല് സംസ്ക്കരിച്ച് അരിയാക്കി പൊതുവിതരണത്തിന് നൽകാൻ ഏർപ്പാടാക്കിയിട്ടുണ്ട്. സപ്ലൈകോയുടേയും സിവിൽ സപ്ലൈസ് വകുപ്പിന്റേയും ഉദ്യോഗസ്ഥർ കേന്ദ്ര സർക്കാർ നിഷ്കർഷിച്ചിട്ടുള്ള ഗുണമേൻമ അരിയ്ക്കുണ്ടെന്ന് ഉറപ്പുവരുത്തുന്നു. ബാച്ച് നമ്പറും മറ്റും രേഖപ്പെടുത്തിയാണ് അരി ഇൻസ്പെക്ഷന് വയ്ക്കുന്നത്. ഒരു ചാക്കിൽ 50 കിലോ പ്രകാരം 400 ചാക്കാണ് ഒരു ബാച്ചിൽ വയ്ക്കുന്നത്. നടപ്പ് സീസണിൽ (2009 -10 രണ്ടാം സീസൺ) 01-12-2009 മുതൽ 20-01-10 വരെ കർഷകരിൽനിന്നും രജിസ്ട്രേഷനുള്ള അപേക്ഷ സ്വീകരിക്കുകയും രജിസ്ട്രേഷൻ നടപടികൾ പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. നെല്ല് സംഭരണത്തിന് ആവശ്യമായ 64 മില്ലുകളെ സംഭരണം തുടങ്ങുന്നതിന് വളരെ മുമ്പായി തന്നെ ഏർപ്പാടാക്കിയിട്ടുള്ളതുമൂലം നെല്ല് സംഭരണം ഊർജ്ജിതമാക്കുന്നതിനുവേണ്ടി പാഡി മാർക്കറ്റിംഗ് ഓഫീസർമാർക്കും മില്ലുകാർക്കും ഇതുമായി ബന്ധപ്പെട്ടവരുടെ ഏകോപനം നടത്തുന്നതിനും സംഭരണത്തിൽ ഉണ്ടാകാവുന്ന ബുദ്ധിമുട്ടുകൾ മുൻപേ കണ്ട് വേണ്ട ക്രമീകരണങ്ങൾ ഏർപ്പെടുത്താനും കഴിഞ്ഞിട്ടുണ്ട്. കുട്ടനാട്, പാലക്കാട് പ്രദേശങ്ങളിൽ കൊയ്ത്ത് യന്ത്രം വ്യാപകമായി ഉപയോഗിക്കുന്നതുമൂലം ചില ഘട്ടങ്ങളിൽ വളരെയധികം നെല്ല് വരുന്നതിനാൽ അത്രയധികം നെല്ല് ചുരുങ്ങിയ സമയത്ത് സംഭരിക്കുന്നതിലെ ബുദ്ധിമുട്ട് ഒഴിവാക്കാനായി സംഭരണശേഷി അധികമുള്ള കൂടുതൽ മില്ലുകളെ ഇതിനായി

നിയോഗിച്ചിട്ടുണ്ട്. കുട്ടനാട്ടിലെ കായൽ പ്രദേശങ്ങളിലും ഇത്തരത്തിൽ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. നെല്ലിന്റെ താങ്ങുവില ഇൻസെന്റീവ് ഉൾപ്പെടെ കിലോയ്ക്ക് 10 രൂപ എന്നത് സംസ്ഥാന സർക്കാർ 12 രൂപയായി ഉയർത്തിയിട്ടുണ്ട്. സംഭരണ പ്രക്രിയയെ സഹായിക്കുന്നതിലേയ്ക്കായി കൃഷി വകുപ്പിൽനിന്നും 35 കൃഷി അസിസ്റ്റന്റുമാരെ ജോലി ക്രമീകരണ വ്യവസ്ഥയിൽ ഇതിനോടകം ലഭ്യമായിട്ടുണ്ട്. സംഭരണം നടക്കുന്ന കാലയള വിൽ അവധി ദിവസങ്ങൾ ഉൾപ്പെടെയുള്ള ദിവസങ്ങളിൽ പാഡി മാർക്കറ്റിംഗ് ഓഫീസർമാരുടെ സേവനം ലഭ്യമാക്കിയിട്ടുണ്ട്. കർഷകരുടെ എല്ലാവിധ സംശയനിവാരണത്തിനും വേണ്ടി സപ്ലൈകോ ഹെഡ് ഓഫീസിൽ ഒരു കൺട്രോൾ റൂം പ്രവർത്തിക്കുന്നുണ്ട്. സംഭരണത്തിൽ നേരിടാവുന്ന പ്രശ്ന ങ്ങളെ അഭിമുഖീകരിക്കുന്നതിനായി ജില്ലാ ഭരണകൂടവുമായി ഒരു ഏകോ പനം നടത്തി ആവശ്യത്തിനുള്ള ലോറികൾ, വള്ളങ്ങൾ, പണിക്കാർ, തൊഴിൽപ്രശ്ന പരിഹാരം, ഗുണമേൻമ സംബന്ധിച്ചുള്ള തർക്കപരിഹാരം എന്നിവയ്ക്കുവേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഗവൺമെന്റ് തലത്തിൽ അഗ്രിക്കൾച്ചർ പ്രൊഡക്ഷൻ കമ്മീഷണർ, സംഭരണ-സംസ്ക്കരണ പദ്ധതി ഊർജ്ജിതമാക്കുന്നതിനായി ഒരു യോഗം 05-01-2010-ൽ നടത്തി വേണ്ട നിർദ്ദേശങ്ങൾ നൽകുകയും ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രിയുടെ നേതൃ ത്വത്തിൽ ആലപ്പുഴ, കോട്ടയം, പത്തനംതിട്ട ജില്ലകളിലെ നെല്ല് സംഭരണം ഊർജ്ജിതമാക്കുന്നതിനായി ബന്ധപ്പെട്ട എല്ലാവരുടേയും ഒരു യോഗം 28-01-2010-ൽ ആലപ്പുഴ കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ ചേരുകയും വേണ്ട നിർദ്ദേശങ്ങൾ നൽകുകയും ചെയ്തിട്ടുണ്ട്. 2009-10 വർഷത്തെ രണ്ടാം സീസണിൽ 28-02-2010 വരെ ആകെ 578278.61 ക്വിന്റൽ നെല്ല്

സംഭരിച്ചുകഴിഞ്ഞിട്ടുണ്ട്. 2009-10 സീസണിൽ 40,00,000 ക്വിന്റൽ നെല്ല് സംഭരിക്കുവാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. ഇതിൽ ഡിസംബറിൽ അവസാനിച്ച ആദ്യ സീസണിൽ 12,00,000 ക്വിന്റൽ നെല്ല് സംഭരിക്കാൻ ലക്ഷ്യമിടുകയും 12,09,375 ക്വിന്റൽ നെല്ല് സംഭരിക്കുകയും ചെയ്തു. രണ്ടാം സീസണിൽ 28,00,000 ക്വിന്റൽ നെല്ല് സംഭരിക്കുവാനാണ് ലക്ഷ്യമിടുന്നത്. കൊയ്ത്ത് ഊർജ്ജിതമാകുന്ന (peak period) കാലയളവായ മാർച്ച്, ഏപ്രിൽ, മേയ് മാസങ്ങൾക്ക് മുൻപുതന്നെ 6 ലക്ഷത്തോളം ക്വിന്റൽ നെല്ല് സംഭരിച്ചുകഴിഞ്ഞു. മാർച്ച്, ഏപ്രിൽ, മേയ് മാസങ്ങൾ കഴിയുന്നതോടെ സംഭരണ ലക്ഷ്യം കവിയുമെന്നാണ് കണക്കാക്കുന്നതെന്നും മന്ത്രി അറിയിച്ചു. തൃശ്ശൂർ ജില്ലയിൽ ഒരാഴ്ചയ്ക്കകം ഒരു പാഡി പേമെന്റ് ഓഫീസ് സ്ഥാപിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമെന്നും നെല്ല് കൊണ്ടു പോകുന്നതിന് ചുമട്ടുതൊഴിലാളികൾ അമിത കൂലി ഈടാക്കുന്നത് തൊഴിൽ വകുപ്പുമായി ആലോചിച്ച് പരിഹരിക്കുന്നതാണെന്നും നെല്ലിനെ 'എ' ക്ലാസ്സിൽ ഉൾപ്പെടുത്തണമെന്ന് കേന്ദ്രഗവൺമെന്റിനോട് ആവശ്യപ്പെട്ടിട്ടുണ്ടെന്നും വിവേചനം കൂടാതെ നെല്ല് സംഭരിക്കുന്നതിന് നിർദ്ദേശം കൊടുക്കാമെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

20 (*154) തടി അധിഷ്ഠിത വ്യവസായങ്ങൾക്ക് ലൈസൻസ് നൽകുന്നതിനുള്ള നിബന്ധനകൾ

വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ബിനോയ് വിശ്വം) നൽകിയ മറുപടിയിൽ, സുപ്രീംകോടതി നിയോഗിച്ച സെൻട്രൽ എംപവേർഡ് കമ്മിറ്റിയുടെ തീരുമാനമനുസരിച്ച് വനാതിർത്തിയോട് ചേർന്നുള്ള പ്രദേശങ്ങ

ളിൽ 30-10-2002-നു മുമ്പ് ലൈസൻസോടുകൂടി പ്രവർത്തിച്ചിരുന്നതായ വിവിധയിനം തടികൾ ഉപയോഗിക്കുന്ന യൂണിറ്റുകൾക്കും റബ്ബർ തടി മാത്രം ഉപയോഗിക്കുന്ന യൂണിറ്റുകൾക്കും അറക്കവാൾ ഉപയോഗിക്കാത്തതായ ഫർണിച്ചർ, പെൻസിൽ, തീപ്പെട്ടി നിർമ്മാണ യൂണിറ്റുകൾക്കും 30-10-2002-ന് ശേഷമുള്ളതും അറക്കവാൾ ഉപയോഗിക്കാത്തതുമായ ഫർണിച്ചർ, പെൻസിൽ, തീപ്പെട്ടി നിർമ്മാണ യൂണിറ്റുകൾക്കും സെൻട്രൽ എംപവേർഡ് കമ്മിറ്റി നിർദ്ദേശിച്ചിട്ടുള്ള ഒറ്റത്തവണ തുകയായ 10,000/രൂപ ഒടുക്കുന്ന മുറയ്ക്ക് എൻ.ഒ.സി. നൽകാമെന്നും 30-10-2002-ന് ശേഷമുള്ള സോമില്ലുകൾക്കും മറ്റു തടിയധിഷ്ഠിത വ്യവസായ യൂണിറ്റുകൾക്കും വേണ്ടത്ര അസംസ്കൃത വസ്തുക്കളുടെ ലഭ്യത ഉറപ്പു വരുത്തിയ ശേഷം മാത്രമേ എൻ.ഒ.സി. നൽകേണ്ടതുള്ളൂവെന്നും സഭയെ അറിയിച്ചു. വനാതിർത്തിയിൽ നിന്നും 5 കിലോമീറ്ററിനുള്ളിൽ സ്ഥിതിചെയ്യുന്ന യൂണിറ്റുകൾ സ്റ്റേറ്റ് ലെവൽ കമ്മിറ്റി തീരുമാനിക്കുന്ന ഉചിതമായ കാലയളവിനുള്ളിൽ 5 കിലോമീറ്ററിന് പുറത്തേയ്ക്ക് മാറ്റി സ്ഥാപിക്കുകയോ അല്ലെങ്കിൽ അടച്ചു പൂട്ടുകയോ ചെയ്യേണ്ടതാണ്. തടി അധിഷ്ഠിത വ്യവസായങ്ങൾക്ക് ലൈസൻസ് നൽകുന്നതിനായി പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ ചെയർമാനായും ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (സ്പെഷ്യൽ അഫോറസ്റ്റേഷൻ ആന്റ് നോഡൽ ഓഫീസർ) കൺവീനറായും ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (സംരക്ഷണം), കേന്ദ്ര വനം പരിസ്ഥിതി വകുപ്പ് മന്ത്രാലയത്തിലെ ഒരു പ്രതിനിധി എന്നിവർ അംഗങ്ങളുമായുള്ള സ്റ്റേറ്റ് ലെവൽ കമ്മിറ്റി മുമ്പാകെ 30-04-2009 വരെ ലഭിച്ച 3258 അപേക്ഷകളിന്മേൽ 3101 അപേക്ഷകളിൽ ഫീൽഡ് പരിശോധന പൂർത്തിയാക്കി 655 യൂണിറ്റുകൾക്ക് എൻ.ഒ.സി. നൽകിയിട്ടുണ്ട്. സെൻട്രൽ

എംപവേർഡ് കമ്മിറ്റിയുടെ നിർദ്ദേശപ്രകാരമുള്ള ഒറ്റത്തവണ തുക ഒടുക്കുന്നതിന് 796 യൂണിറ്റുകൾക്ക് നോട്ടീസ് നൽകുകയും എൻ.ഒ.സി. നൽകുന്നതിനായി കൂടുതൽ രേഖകൾ ആവശ്യപ്പെട്ടുകൊണ്ട് 925 അപേക്ഷകളിന്മേൽ കത്തുകൾ അയയ്ക്കുകയും ചെയ്തു. ശേഷിക്കുന്ന 208 അപേക്ഷകളിന്മേൽ എൻ.ഒ.സി. നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. 30-01-2002-നുശേഷം ആരംഭിച്ചതും ആരംഭിക്കുവാനിരിക്കുന്നതുമായ വിവിധയിനം തടികൾ ഉപയോഗിച്ചുള്ള 517 ഈർച്ച മില്ലുകളുടെ എൻ.ഒ.സി-ക്കായുള്ള അപേക്ഷകൾ സംസ്ഥാനത്ത് ലഭ്യമായ തടിയുടെയും നിലവിലുള്ള ഈർച്ച മില്ലുകൾക്ക് ആവശ്യമുള്ള തടിയുടെയും അളവുകൾ തിട്ടപ്പെടുത്തിയശേഷം സെൻട്രൽ എംപവേർഡ് കമ്മിറ്റിയുടെ നിർദ്ദേശാനുസരണം എൻ.ഒ.സി. നൽകുന്നതിനായി പരിഗണിക്കുവാനാണ് ഉദ്ദേശിക്കുന്നത്. 30-04-2009-ന് ശേഷം ലഭിച്ച 3104 അപേക്ഷകൾ സമയബന്ധിതമായി പരിശോധന പൂർത്തിയാക്കുന്നതിനായി പരിഗണന യിലുണ്ട്. വനാതിർത്തിയിൽ നിന്നും 5 കിലോമീറ്ററിനുള്ളിൽ നിലവിലുള്ള തടിയധിഷ്ഠിത വ്യവസായ യൂണിറ്റുകൾ മാറ്റി സ്ഥാപിക്കുന്നത് സംബന്ധിച്ച പ്രശ്നങ്ങളിൽ സെൻട്രൽ എംപവേർഡ് കമ്മിറ്റിയുടെ തീരുമാനപ്രകാരം മാത്രമേ നടപടികൾ സ്വീകരിക്കുവാൻ സാധിക്കുകയുള്ളൂ.

(നക്ഷത്രചിഹ്നമിട്ട ബാക്കി ചോദ്യങ്ങൾക്കും നക്ഷത്രചിഹ്നമിടാത്ത 1353 മുതൽ 1585 വരെയുള്ള ചോദ്യങ്ങളിൽ 133 എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം ഉത്തരം നൽകി.)